**മധുരമായ കുട്ടികളെ – നിങ്ങൾക്ക് നടക്കുമ്പോഴും കറങ്ങുമ്പോഴും ഓർമ്മയിലിരിക്കുന്നതിന്റെ അഭ്യാസം ചെയ്യണം. ജ്ഞാനവും യോഗവും, ഇത് തന്നെയാണ് മുഖ്യമായ രണ്ട് മാർഗ്ഗങ്ങൾ, യോഗം അർത്ഥം ഓർമ്മ.**

**ചോദ്യം –** വിവേകശാലികളായ കുട്ടികൾ ഏത് വാക്ക് വായിലൂടെ പറയില്ല?
**ഉത്തരം –** ഞങ്ങളെ യോഗം പഠിപ്പിക്കൂ, ഈ വാക്ക് വിവേകശാലികളായ കുട്ടികൾ പറയുകയില്ല. ബാബയെ ഓർമ്മിക്കാൻ പഠിക്കേണ്ടതുണ്ടോ! പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും വേണ്ടിയുള്ള പാഠശാലയാണിത്. ഓർമ്മിക്കുന്നതിന് വേണ്ടി ചിലർ പ്രത്യേകിച്ച് ഇരിക്കണം എന്നല്ല. നിങ്ങൾക്ക് കർമ്മം ചെയ്യുമ്പോഴും ബാബയെ ഓർമ്മിക്കുന്നതിനുള്ള അഭ്യാസം ചെയ്യണം.

**ഓം ശാന്തി.** ഇപ്പോൾ ആത്മീയ അച്ഛനിരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കി തരുകയാണ്. ആത്മീയ അച്ഛൻ ഈ രഥത്തിലൂടെ നമ്മേ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന് കുട്ടികൾക്കറിയാം. ഇപ്പോൾ ഏതെങ്കിലും കുട്ടികൾ ബാബയോടോ ഏതെങ്കിലും സഹോദരിയോടോ സഹോദരനോടോ എന്നെ ബാബയെ ഓർമ്മിക്കാൻ പഠിപ്പിക്കൂ എന്ന് പറയുകയാണെങ്കിൽ അത് തെറ്റാണ്. നിങ്ങൾ ഒരു ചെറിയ കുട്ടിയൊന്നുമല്ലല്ലോ. ആത്മാവാണ് മുഖ്യമായതെന്ന് അറിയാവുന്നതാണ്. അതാണെങ്കിൽ അവിനാശിയാണ്. ശരീരം വിനാശിയാണ്. അപ്പോൾ പ്രധാനമായത് ആത്മാവല്ലേ. ഞാൻ ആത്മാവാണ്, ശരീരത്തിലൂടെ സംസാരിക്കുകയാണ് എന്നൊന്നും അജ്ഞാനകാലത്ത് ആർക്കും അറിയുമായിരുന്നില്ല. ദേഹാഭിമാനത്തിൽ വന്ന് പറയുന്നു – ഞാൻ ഇന്നത് ചെയ്യുന്നു. ഇപ്പോൾ നിങ്ങൾ ദേഹീ അഭിമാനിയായി മാറിയിരിക്കുന്നു. ആത്മാവ് പറയുന്നു ഞാൻ ഈ ശരീരത്തിലൂടെ സംസാരിക്കുന്നു, കർമ്മം ചെയ്യുന്നുവെന്ന് അറിയാം. ആത്മാവ് പുരുഷനാണ്. ബാബ മനസ്സിലാക്കി തരുന്നു – ഈ വാക്ക് സാധാരണയായി കേട്ടുവരുന്നു, പറയുന്നു, ഞങ്ങളെ യോഗത്തിലിരുത്തൂ. അടുത്ത് ഒരാൾ ഇരിക്കുന്നു, ഈ ചിന്തയോടുകൂടി നമ്മളും ബാബയെ ഓർമ്മിക്കാൻ ഇരിക്കും, അവരും ഇരിക്കും. ഇപ്പോൾ ഇതിനൊന്നും വേണ്ടിയല്ല പാഠശാല. പഠനത്തിന് വേണ്ടിയാണ് പാഠശാല. ഇവിടെയിരുന്നുകൊണ്ട് കേവലം നിങ്ങൾ ഓർമ്മിക്കുക, ഇങ്ങനെയല്ല. ബാബയാണെങ്കിൽ മനസ്സിലാക്കി തരുകയാണ് നടക്കുമ്പോഴും കറങ്ങുമ്പോഴും, എണീക്കുമ്പോഴും നിൽക്കുമ്പോഴും ബാബയെ ഓർമ്മിക്കൂ, ഇതിന് വേണ്ടി പ്രത്യേകം ഇരിക്കേണ്ട ആവശ്യം പോലുമില്ല. ചിലർ പറയാറുണ്ട് രാമ–രാമ എന്ന് പറയൂ, എന്താ രാമ–രാമ എന്ന് പറയാതെ ഓർമ്മിക്കുവാൻ സാധിക്കുകയില്ലേ? നടക്കുമ്പോഴും കറങ്ങുമ്പോഴും ഓർമ്മിക്കുവാൻ സാധിക്കുന്നു. നിങ്ങൾക്കാണെങ്കിൽ കർമ്മം ചെയ്തും ബാബയെ ഓർമ്മിക്കണം. ഏതെങ്കിലും പ്രിയതമനും പ്രിയതമയും പ്രത്യേകം ഇരുന്ന് പരസ്പരം ഓർമ്മിക്കാറില്ലല്ലോ. ജോലിയും ഉത്തരവാദിത്വം മുതലായവയെല്ലാം ചെയ്യണം, എല്ലാം ചെയ്തും കൊണ്ടും തന്റെ പ്രിയതമനെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. ഓർമ്മിക്കുന്നതിന് വേണ്ടി പ്രത്യേകം പോയിരിക്കണം എന്നൊന്നുമില്ല.

നിങ്ങൾ കുട്ടികൾ ഗീതം അഥവാ കവിതകൾ മുതലായവ കേൾപ്പിക്കുന്നു, അതിനാൽ ബാബ പറയുകയാണ് ഇതെല്ലാം ഭക്തിമാർഗ്ഗത്തിലുള്ളതാണ്. ശാന്തി ദേവാ എന്ന് പറയാറുമുണ്ടല്ലോ, അപ്പോൾ പരമാത്മാവിനെ തന്നെയാണ് ഓർമ്മിക്കേണ്ടത്, കൃഷ്ണനെയല്ല. ഡ്രാമയനുസരിച്ച് ആത്മാവ് അശാന്തമാകുമ്പോൾ ബാബയെ വിളിക്കുന്നു എന്തുകൊണ്ടെന്നാൽ ശാന്തി, സുഖം, ജ്ഞാനത്തിന്റെ സാഗരമാണ് ബാബ. ജ്ഞാനവും യോഗവുമാണ് മുഖ്യ രണ്ട് മാർഗ്ഗങ്ങൾ, യോഗം അർത്ഥം ഓർമ്മ. അവരുടെ ഹഠയോഗം തികച്ചും വ്യത്യസ്തമാണ്. നിങ്ങളുടെത് രാജയോഗമാണ്. കേവലം ബാബയെ ഓർമ്മിക്കണം. ബാബയിലൂടെ നിങ്ങൾ കുട്ടികൾ ബാബയെ അറിയുന്നതിലൂടെ സൃഷ്ടിയുടെ ആദി, മധ്യ, അന്ത്യത്തെക്കുറിച്ചും അറിയുന്നു. എങ്ങനെയാണോ ആത്മാവ് സ്റ്റാർ, അതുപോലെ ഭഗവാനും സ്റ്റാറാണെന്ന് ഒരിക്കലും അറിയുമായിരുന്നില്ല. ഭഗവാനും ആത്മാവാണ്. പക്ഷെ ഭഗവാനെ പരമാത്മാ, സുപ്രീം സോൾ എന്ന് പറയുന്നു. പരമാത്മാവ് ഒരിക്കലും പുനർജന്മം എടുക്കുന്നില്ല. ഭഗവാൻ ജനന മരണത്തിൽ വരുന്നു എന്നല്ല. ഇല്ല, പുനർജന്മം എടുക്കുന്നില്ല. സ്വയം വന്ന് മനസ്സിലാക്കി തരുന്നു ഞാൻ എങ്ങനെയാണ് വരുന്നത്? ത്രിമൂർത്തിയുടെ പാട്ടും ഭാരതത്തിൽ തന്നെയാണ്. ത്രിമൂർത്തി ബ്രഹ്മാ, വിഷ്ണു, ശങ്കറിന്റെ ചിത്രവും കാണിക്കുന്നുണ്ട്. ശിവ പരമാത്മായ നമ: എന്ന് പറയാറുണ്ടല്ലോ. ആ ഉയർന്നതിലും ഉയർന്ന ബാബയെ മറന്നുപോയി, കേവലം ത്രിമൂർത്തിയുടെ ചിത്രം നൽകിയിരിക്കുന്നു. മുകളിൽ തീർച്ചയായും ശിവൻ ഉണ്ടായിരിക്കണം, അതിലൂടെ ഇത് മനസ്സിലാകും ഇതിന്റെ രചയിതാവ് ശിവനാണെന്ന്. രചനയിൽ നിന്ന് ഒരിക്കലും സമ്പത്ത് നേടാൻ സാധിക്കുകയില്ല. ബ്രഹ്മാവിൽനിന്ന് ഒരു സമ്പത്തും ലഭിക്കുകയില്ലെന്ന് നിങ്ങൾക്കറിയാം. വിഷ്ണു

വിനാണെങ്കിൽ വജ്രങ്ങളും രത്നങ്ങളുടെയും കിരീടമാണല്ലോ. ശിവബാബയിലൂടെ പിന്നീട് വിലയില്ലാത്തവരിൽ നിന്ന് വിലയുള്ളവരായി മാറുന്നു. ശിവന്റെ ചിത്രം ഇല്ലാത്തതുകൊണ്ട് എല്ലാം ഖണ്ഡിക്കപ്പെടുന്നു. ഉയർന്നതിലും ഉയർന്നത് പരംപിതാ പരമാത്മാവാണ്, അദ്ദേഹത്തിന്റെ രചനയാണിത്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബയിൽ നിന്ന് സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുന്നു, 21 ജന്മത്തേയ്ക്ക്. എങ്കിലും അവിടെയും മനസ്സിലാക്കുന്നു ലൗകിക അച്ഛനിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നതെന്ന്. സത്യയുഗത്തിൽ ഇതറിയുകയില്ല ഇത് പരിധിയില്ലാത്ത ബാബയിൽ നിന്ന് നേടിയ സമ്പത്താണെന്ന്. ഇപ്പോൾ നിങ്ങളിത് അറിയുന്നു. ഇപ്പോഴത്തെ ഈ സമ്പാദ്യം 21 ജന്മത്തേക്കവിടെ ഉണ്ടായിരിക്കും. അവിടെ ഇത് അറിയുകയില്ല, ഈ ജ്ഞാനത്തെക്കുറിച്ച് തികച്ചും അറിവുണ്ടായിരിക്കുകയില്ല. ഈ ജ്ഞാനം ദേവതകളിലോ ശൂദ്രരിലോ ഉണ്ടായിരിക്കുകയില്ല. ഈ ജ്ഞാനം നിങ്ങൾ ബ്രാഹ്മണരിൽ മാത്രമാണ്. ഇതാണ് ആത്മീയ ജ്ഞാനം, ആത്മീയതയുടെ അർത്ഥം പോലും അറിയുന്നില്ല. തത്വജ്ഞാനത്തിൽ ഡോക്ടറേറ്റ് എന്ന് പറയാറുണ്ട്. ആത്മീയ ജ്ഞാനത്തിൽ ഡോക്ടറേറ്റ് ഒരു ബാബ മാത്രമാണ്. ബാബയെ സർജനെന്നും പറയുമല്ലോ. സന്യാസിമാരെയൊന്നും സർജനെന്ന് പറയുകയില്ല. വേദ ശാസ്ത്രങ്ങൾ പഠിക്കുന്നവരെയും ഡോക്ടറെന്ന് പറയുകയില്ല. കേവലം ടൈറ്റിലെല്ലാം നൽകുന്നു പക്ഷെ വാസ്തവത്തിൽ ആത്മീയ സർജൻ ഒരു ബാബയാണ്, ആരാണോ ആത്മാവിന് ഇൻജക്ഷൻ കൊടുക്കുന്നത്. അത് ഭക്തിയാണ്. അവരെ ഡോക്ടർ ഓഫ് ഭക്തി അഥവാ ശാസ്ത്രങ്ങളുടെ ജ്ഞാനം നൽകുന്നവരെന്ന് പറയുന്നു. അതിൽ നിന്ന് ഒരു പ്രയോജനവും ഉണ്ടാകുന്നില്ല, അധ:പതിക്കുകയും ചെയ്യുന്നു. അപ്പോൾ അവരെ ഡോക്ടറെന്ന് എങ്ങനെ പറയാൻ കഴിയും? ഡോക്ടറാണെങ്കിൽ പ്രയോജനം തരുന്നവരാകുമല്ലോ. ഈ ബാബയാണെങ്കിൽ അവിനാശി ജ്ഞാന സർജനാണ്. യോഗബലത്തിലൂടെ നിങ്ങൾ എവർഹെൽത്തിയാകുന്നു. ഇതാണെങ്കിൽ നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയുകയുള്ളു. പുറത്തുള്ളവർ എന്തറിയാനാണ്. ബാബയെ അവിനാശി സർജനെന്ന് പറയുന്നു. ആത്മാക്കളിൽ ഏത് വികാരങ്ങളുടെ കറയാണോ പിടിച്ചിരിക്കുന്നത്, അതിനെ ഇല്ലാതാക്കുക, പതിതരെ പാവനമാക്കി സദ്ഗതി നൽകുക – ഈ ശക്തി ബാബയിലാണ്. സർവ്വശക്തിവാൻ പതിത പാവനൻ ഒരു അച്ഛനാണ്. സർവ്വശക്തിവാനെന്ന് ഒരു മനുഷ്യനെയും പറയാൻ സാധിക്കില്ല. അപ്പോൾ ബാബ എങ്ങനെയുള്ള ശക്തിയാണ് കാണിക്കുന്നത്? സർവ്വർക്കും തന്റെ ശക്തിയിലൂടെ സദ്ഗതി നൽകുന്നു. ബാബയെ പറയും ഡോക്ടർ ഓഫ് സ്പിരിച്വൽ നോളേജ്. ഡോക്ടർ ഓഫ് ഫിലോസഫി – ഇത് അനേകം പേർക്കുണ്ട്. ആത്മീയ ഡോക്ടർ ഒന്ന് മാത്രമാണ്. അതിനാൽ ബാബയിപ്പോൾ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കൂ, പവിത്രമാകൂ. ഞാൻ വന്നിരിക്കുന്നത് തന്നെ പവിത്ര ലോകം സ്ഥാപിക്കുന്നതിനാണ്, പിന്നെ നിങ്ങളെന്തിനാണ് പതിതമാകുന്നത്? പാവനമാകൂ, പതിതമാകരുത്. എല്ലാ ആത്മാക്കളോടും ബാബയുടെ നിർദ്ദേശമാണ് – ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും താമരപൂവിന് സമാനം പവിത്രമായിരിക്കൂ. ബാല ബ്രഹ്മചാരിയാവുകയാണെങ്കിൽ പിന്നെ പവിത്ര ലോകത്തിന്റെ അധികാരിയായി മാറും. ഇത്രയും ജന്മങ്ങൾ പാപം ചെയ്തു, ഇപ്പോൾ എന്നെ ഓർമ്മിക്കുന്നതിലൂടെ പാപം ഭസ്മമാകും. മൂലവതനത്തിൽ പവിത്ര ആത്മാക്കൾ മാത്രമേ വസിക്കുകയുള്ളൂ. പതിതരായ ആർക്കും പോകാൻ സാധിക്കില്ല. ബുദ്ധിയിൽ ഇത് ഓർമ്മ വെയ്ക്കുക തന്നെ വേണം – ബാബ നമ്മേ പഠിപ്പിക്കുകയാണ്. ഞങ്ങളെ ടീച്ചറെ ഓർമ്മിക്കാൻ പഠിപ്പിക്കൂ എന്ന് വിദ്യാർത്ഥികൾ പറയുമോ? ഓർമ്മിക്കാൻ പഠിപ്പിക്കേണ്ട ആവശ്യമെന്താണ്. ഇവിടെ (ഗദ്ദിയിൽ) ആരെങ്കിലും ഇരുന്നില്ലെങ്കിൽ പോലും പ്രശ്നമൊന്നുമില്ല. തന്റെ അച്ഛനെ ഓർമ്മിക്കണം. നിങ്ങൾ മുഴുവൻ ദിവസവും ജോലി മുതലായ ഉത്തരവാദിത്വങ്ങളിലിരിക്കുമ്പോൾ മറന്നു പോകുന്നു, അതുകൊണ്ടാണിവിടെ ഇരുത്തുന്നത്. ഈ 10–15 മിനിട്ടെങ്കിലും ഓർമ്മിക്കൂ. നിങ്ങൾ കുട്ടികൾക്കാണെങ്കിൽ ജോലി ചെയ്യുമ്പോൾ ഓർമ്മയിലിരിക്കുന്നതിനുള്ള ശീലം ഉണ്ടാക്കണം. അരകല്പത്തിന് ശേഷം പ്രിയതമനെ ലഭിച്ചിരിക്കുകയാണ്. ഇപ്പോൾ പറയുകയാണ് എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ ആത്മാവിലുള്ള കറ ഇല്ലാതാകുകയും നിങ്ങൾ വിശ്വത്തിന്റെ അധികാരിയാവുകയും ചെയ്യും. അപ്പോൾ എന്തിന് ഓർമ്മിക്കാതിരിക്കണം. സ്ത്രീക്ക് എപ്പോൾ വിവാഹം കഴിയുന്നുവോ അപ്പോൾ പതി നിങ്ങളുടെ ഗുരുവും ഈശ്വരനും എല്ലാമാണെന്ന് പറയുന്നു. പക്ഷെ അവരാണെങ്കിൽ മിത്ര, സംബന്ധി, ഗുരു മുതലായ അനേകരെ ഓർമ്മിക്കുന്നു. അതപ്പോൾ ദേഹധാരിയുടെ ഓർമ്മയായി. ബാബയാണെങ്കിൽ പതിമാരുടെയും പതിയാണ്, അദ്ദേഹത്തെ ഓർമ്മിക്കണം. ചിലർ പറയുന്നു ഞങ്ങളെ ധ്യാനത്തിലിരിത്തൂ. പക്ഷെ ഇതിലൂടെ എന്ത് കിട്ടാനാണ്. 10 മിനിട്ട് ഇവിടെ ഇരിക്കുകയാണെങ്കിൽ പോലും ഇങ്ങനെ കരുതരുത് എല്ലാവരും ഏകരസമായാണിരിക്കുന്നത്. ഭക്തിമാർഗ്ഗത്തിൽ ആരുടെയെങ്കിലും പൂജ ചെയ്യുകയാണെങ്കിൽ ബുദ്ധി വളരെ അലഞ്ഞുകൊണ്ടിരിക്കുന്നു. രാവും പകലും ഭക്തി ചെയ്യുന്നവർക്ക് ഞങ്ങൾക്ക് സാക്ഷാത്ക്കാരമുണ്ടായി എന്ന ഈ ലഹരി തന്നെയാണ് ഉണ്ടായികൊണ്ടിരിക്കുന്നത് . അവർ പ്രതീക്ഷ വെച്ചുകൊണ്ടിരിക്കുകയാണ്. ഒന്നിന്റെ മാത്രം ലഹരിയിൽ ലൗലീനമായിരിക്കുന്നു, അപ്പോഴാണ് സാക്ഷാത്ക്കാരം ഉണ്ടാകുന്നത്. അതിനെയാണ് പറയുന്നത് തീവ്രഭക്തി. ആ ഭക്തി ഇങ്ങനെയുള്ളതാണ് എങ്ങനെയാണോ പ്രിയതമനും പ്രിയതമയും. കഴിക്കുമ്പോഴും കുടിക്കുമ്പോഴും ബുദ്ധിയിൽ

ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. അതിൽ വികാരത്തിന്റെ കാര്യം ഉണ്ടാകുന്നില്ല, ശരീരത്തിനോട് സ്നേഹമുണ്ടാകുന്നു. പരസ്പരം കാണാതിരിക്കുവാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബ മനസ്സിലാക്കി തരികയാണ് – എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാകും. നിങ്ങളെങ്ങനെയാണ് 84 ജന്മം എടുക്കുന്നത്. ബീജത്തെ ഓർമ്മിക്കുന്നതിലൂടെ മുഴുവൻ വൃക്ഷവും ഓർമ്മ വരുന്നു. ഇത് വെറൈറ്റി ധർമ്മങ്ങളുടെ വൃക്ഷമാണല്ലോ. ഈ ഭാരതം ഗോൾഡൻ ഏജായിരുന്നു, ഇപ്പോൾ അയൺ ഏജിലാണ് എന്ന് കേവലം നിങ്ങളുടെ ബുദ്ധിയിൽ മാത്രമാണുണ്ടായിരിക്കുക. ഈ ഇംഗ്ലീഷ് അക്ഷരം നല്ലതാണ്, ഇതിന്റെ അർത്ഥം നന്നായിട്ടുണ്ട്. ആത്മാവ് സത്യമായ സ്വർണ്ണമാകുന്നു പിന്നീട് അതിൽ അഴുക്ക് പിടിക്കുന്നു. ഇപ്പോൾ തികച്ചും അസത്യമായി കഴിഞ്ഞു, ഇതിനെയാണ് അയൺ ഏജെന്ന് പറയുന്നത്. ആത്മാവ് അയൺഏജായതുകൊണ്ട് ആഭരണവും(ശരീരം) അങ്ങനെയുള്ളതായിരിക്കും. ഇപ്പോൾ ബാബ പറയുന്നു ഞാൻ പതിത പാവനനാണ്, എന്നെ മാത്രം ഓർമ്മിക്കൂ. നിങ്ങളെന്നെ അല്ലയോ പതിത പാവനാ വരു എന്ന് വിളിക്കുന്നു. ഞാൻ കല്പ കല്പം വന്ന് നിങ്ങൾക്ക് ഈ യുക്തികൾ പറഞ്ഞു തരുന്നു. മന്മനാ ഭവ, മധ്യാജി ഭവ അർത്ഥം സ്വർഗ്ഗത്തിന്റെ അധികാരിയാകൂ. ചിലർ പറയുന്നു ഞങ്ങൾക്ക് യോഗത്തിൽ വളരെയധികം രസം വരുന്നു, ജ്ഞാനത്തിൽ ഇത്രയും രസം വരുന്നില്ല. മതി, യോഗം ചെയ്ത് അവർ പോകും. യോഗം തന്നെയാണ് നല്ലതെന്ന് തോന്നുന്നു, പറയുന്നു ഞങ്ങൾക്ക് ശാന്തി വേണം. ശരി, എവിടെ ഇരുന്ന് വേണമെങ്കിലും ബാബയെ ഓർമ്മിക്കൂ. ഓർമ്മിച്ചോർമ്മിച്ച് നിങ്ങൾ ശാന്തിധാമിലെയ്ക്ക് പോകും. ഇതിൽ യോഗം പഠിപ്പിക്കേണ്ടതിന്റെ കാര്യം തന്നെയില്ല. ബാബയെ ഓർമ്മിക്കണം. ഇങ്ങനെ അനേകരുണ്ട് സെന്ററുകളിൽ പോയി അര മുക്കാൽ മണിക്കൂർ ഇരിക്കുന്നു, പറയുന്നു ഞങ്ങളെ യോഗം ചെയ്യിപ്പിക്കൂ ഇല്ലെങ്കിൽ പറയും ബാബ മെഡിറ്റേഷന്റെ പ്രോഗ്രാം നൽകിയിട്ടുണ്ടെന്ന്. ഇവിടെ ബാബ പറയുന്നു നടക്കുമ്പോഴും കറങ്ങുമ്പോഴും ഓർമ്മയിലിരിക്കൂ. ഇരിക്കാതിരിക്കുന്നത് നല്ലതാണ്. ബാബ വിലക്കുന്നില്ല, വേണമെങ്കിൽ രാത്രി മുഴുവൻ ഇരുന്നോളൂ, പക്ഷെ രാത്രിയിൽ മാത്രം ഓർമ്മിക്കുന്നതിന്റെ ശീലം ഉണ്ടാക്കരുത്. കർമ്മം ചെയ്യുമ്പോഴും ഓർമ്മിക്കുന്നതിനുള്ള ശീലമുണ്ടാക്കണം. ഇതിൽ വലിയ പരിശ്രമമുണ്ട്. ബുദ്ധി ഇടയ്ക്കിടയ്ക്ക് മറ്റുള്ളവരുടെ നേരെ അലയാൻ പോകുന്നു. ഭക്തിമാർഗ്ഗത്തിലും ബുദ്ധി അലയുന്നു പിന്നീട് സ്വയം നുള്ളി നോവിക്കും. സത്യമായ ഭക്തരെക്കുറിച്ചാണ് പറയുന്നത്. അതിനാൽ ഇവിടെയും സ്വയത്തിനോട് ഇങ്ങനെയിങ്ങനെയുള്ള കാര്യങ്ങൾ സംസാരിക്കണം. ബാബയെ എന്തുകൊണ്ട് ഓർമ്മിച്ചില്ല? ഓർമ്മിക്കുന്നില്ലായെങ്കിൽ വിശ്വത്തിന്റെ അധികാരിയായി മാറുന്നെങ്ങനെയാണ്? പ്രിയതമനും പ്രിയതമയുമാണെങ്കിൽ നാമരൂപത്തിൽ കുടുങ്ങികൊണ്ടിരിക്കുന്നു. ഇവിടെ നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുന്നു. ഞാൻ ആത്മാവ് ഈ ശരീരത്തിൽ നിന്ന് വേറെയാണ്. ശരീരത്തിൽ വരുമ്പോൾ കർമ്മം ചെയ്യേണ്ടി വരുന്നു. ഇങ്ങനെയും അനേകരുണ്ട് അവർ പറയുന്നു ഞങ്ങൾ കൂടികാഴ്ച നടത്തും. ഇപ്പോൾ എന്ത് കൂടികാഴ്ച നടത്താനാണ്. ബാബയാണെങ്കിൽ ബിന്ദുവാണല്ലോ. ശരി, ചിലർ പറയുന്നു കൃഷ്ണന്റെ ദർശനം ചെയ്യും. കൃഷ്ണനാണെങ്കിൽ ചിത്രവുമുണ്ടല്ലോ. ആര് ജഡമായിരുന്നോ അവരെ തന്നെയാണ് പിന്നീട് ചൈതന്യത്തിൽ കാണുന്നത്, ഇതിൽ നിന്ന് എന്ത് നേട്ടമുണ്ടാവാനാണ്? സാക്ഷാത്ക്കാരത്തിലൂടെ ഒരു നേട്ടവുമുണ്ടാകില്ല. നിങ്ങൾ ബാബയെ ഓർമ്മിക്കൂ എങ്കിൽ ആത്മാവ് പവിത്രമാകുന്നു. നാരായണന്റെ സാക്ഷാത്ക്കാരം ഉണ്ടാകുന്നതിലൂടെ നാരായണനായി മാറുകയൊന്നുമില്ല.

നിങ്ങൾക്കറിയാം നമ്മുടെ ലക്ഷ്യം ലക്ഷ്മീ നാരായണനാവുക എന്നതാണ് പക്ഷെ പഠിക്കാതെ ആവുകയില്ല. പഠിച്ച് സമർത്ഥനാകൂ, പ്രജകളെയും ഉണ്ടാക്കൂ അപ്പോൾ ലക്ഷ്മീ നാരായണനാകും. പരിശ്രമമുണ്ട്. പദവിയോടെ പാസ്സാകണം അപ്പോൾ ധർമ്മരാജന്റെ ശിക്ഷ ലഭിക്കുകയില്ല. ഈ സഹായിയായ കുട്ടിയും കൂടെയുണ്ട്, ഇദ്ദേഹവും പറയുന്നു നിങ്ങൾക്ക് തീക്ഷ്ണമായി പോകാൻ സാധിക്കും. ബ്രഹ്മാബാബക്കാണെങ്കിൽ എത്ര ഭാരമാണ്. മുഴുവൻ ദിവസവും വളരെയധികം ചിന്തിക്കേണ്ടി വരുന്നു. ഇത്രയും ഓർമ്മിക്കാൻ സാധിക്കുന്നില്ല. ഭോജനത്തിന്റെ സമയത്ത് കുറച്ച് ഓർമ്മയുണ്ടായിരിക്കും പിന്നീട് മറന്നുപോകുന്നു. ബാബയും ബ്രഹ്മാബാബയും രണ്ടുപേരും യാത്ര പോവുകയാണെന്ന് മനസ്സിലാക്കുന്നു. യാത്ര ചെയ്ത് ചെയ്ത് ബാബയെ മറന്നു പോകുന്നു. വഴുതിപ്പോകുന്ന വസ്തുവല്ലേ. ഇടയ്ക്കിടയ്ക്ക് ഓർമ്മ തെന്നിപോകുന്നു. ഇതിൽ ഒരുപാട് പരിശ്രമമുണ്ട്. ഓർമ്മയിലൂടെ മാത്രമേ ആത്മാവ് പവിത്രമാവുകയുള്ളൂ. അനേകരെ പഠിപ്പിക്കുകയാണെങ്കിൽ ഉയർന്ന പദവി ലഭിക്കും. ആരാണോ നല്ലരീതിയിൽ മനസ്സിലാക്കുന്നത് അവർ ഉയർന്ന പദവി നേടും. പ്രദർശിനികളിൽ എത്രയധികം പ്രജകളെയാണ് ഉണ്ടാക്കുന്നത്. നിങ്ങൾ ഓരോരുത്തരും ലക്ഷങ്ങളുടെ സേവനം ചെയ്യുകയും പിന്നീട് തന്റെയും അവസ്ഥ അങ്ങനെയാക്കണം. കർമ്മാതീത അവസ്ഥയിലെത്തും പിന്നീട് ശരീരമുണ്ടായിരിക്കില്ല. മുന്നോട്ട് പോകുമ്പോൾ നിങ്ങൾ മനസ്സിലാക്കും ഇപ്പോൾ യുദ്ധം ശക്തി പ്രാപിക്കും പിന്നീട് അനേകർ നിങ്ങളുടെ അടുത്തേയ്ക്ക് വന്നുകൊണ്ടിരിക്കും. മഹിമ വർദ്ധിക്കും. അവസാനം സന്യാസിമാരും വരും, ബാബയെ ഓർമ്മിക്കാൻ തുടങ്ങും.

അവരുടെ പാർട്ട് തന്നെ മുക്തി ധാമിലേയ്ക്ക് പോകുന്നതിന്റെയാണ്. ജ്ഞാനം എടുക്കുകയില്ല. നിങ്ങളുടെ സന്ദേശം എല്ലാ ആത്മാക്കളുടെയും അടുത്ത് എത്തുന്നു, ദിനപത്രങ്ങളിലൂടെ അനേകർ അറിയും. എത്ര ഗ്രാമങ്ങളാണ്, എല്ലാവർക്കും സന്ദേശം നൽകണം. നിങ്ങൾ തന്നെയാണ് സന്ദേശവാഹകർ. പതിതത്തിൽ നിന്ന് പാവനമാക്കുന്നത് ബാബയല്ലാതെ വേറെ ആരുമല്ല. ധർമ്മ സ്ഥാപകർ ആരെയെങ്കിലും പാവനമാക്കുന്നു എന്നല്ല. അവരുടെ ധർമ്മം വൃദ്ധി നേടണം, അവർ എങ്ങനെ തിരിച്ച് പോകുന്നതിനുള്ള വഴി പറഞ്ഞുകൊടുക്കും? സർവ്വർക്കും സദ്ഗതി നൽകുന്നത് ഒരാളാണ്. നിങ്ങൾ കുട്ടികൾക്ക് തീർച്ചയായും പവിത്രമായി മാറണം. പവിത്രമായിരിക്കാത്തവർ ഒരുപാട് പേരുണ്ട്. കാമം മഹാ ശത്രുവാണല്ലോ. നല്ല നല്ല കുട്ടികൾ വീണു പോകുന്നു, കുദൃഷ്ടിയും കാമത്തിന്റെ അംശമാണ്. ഇത് വലിയ അസുരനാണ്. ബാബ പറയുന്നു ഇതിൽ വിജയം നേടുകയാണെങ്കിൽ ലോകത്തെ ജയിച്ചവരായി മാറും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം

1. കർമ്മം ചെയ്യുമ്പോഴും ഓർമ്മയിലിരിക്കുന്നതിന്റെ ശീലം കൊണ്ടുവരണം. ബാബയുടെ കൂടെ പോകുന്നതിനും പാവന ലോകത്തിന്റെ അധികാരിയാകുന്നതിനും വേണ്ടി തീർച്ചയായും പവിത്രമായി മാറണം.

2. ഉയർന്ന പദവി നേടുന്നതിന് വേണ്ടി അനേകരുടെ സേവനം ചെയ്യണം. അനേകരെ പഠിപ്പിക്കണം. സന്ദേശവാഹകരായി മാറി ഈ സന്ദേശം എല്ലാവരിലും എത്തിക്കണം.

## വരദാനം:- സ്നേഹത്തിന്റെ മടിത്തട്ടിൽ ആന്തരീക സുഖത്തിന്റെയും സർവ്വശക്തികളുടെയും അനുഭവം ചെയ്യുന്ന യഥാർത്ഥ പുരുഷാർത്ഥിയായി ഭവിക്കട്ടെ.

ആരാണോ യഥാർത്ഥ പുരുഷാർത്ഥി അവർ ഒരിക്കലും ബുദ്ധിമുട്ട് അഥവാ ക്ഷീണത്തിന്റെ അനുഭവം ചെയ്യില്ല, സദാ പ്രേമത്തിൽ ലയിച്ചിരിക്കും. അവർ സങ്കൽപം കൊണ്ട് പോലും സമർപ്പണമായത് കാരണം അനുഭവം ചെയ്യുന്നു അതായത് ഞങ്ങളെ ബാപ്ദാദ നടത്തിച്ചുകൊണ്ടിരിക്കുകയാണ്, പ്രയത്നത്തിന്റെ കാൽ കൊണ്ടല്ല മറിച്ച് സ്നേഹത്തിന്റെ മടിത്തട്ടിൽ പോയ്ക്കൊണ്ടിരിക്കുകയാണ്, സ്നേഹത്തിന്റെ മടിത്തട്ടിൽ സർവ്വ പ്രാപ്തികളുടെയും അനുഭൂതിയുള്ളത് കാരണം അവർ നടക്കുകയല്ല മറിച്ച് സദാ സന്തോഷത്തിൽ, ആന്തരീക സുഖത്തിൽ, സർവ്വ ശക്തികളുടെ അനുഭവത്തിൽ പറന്നുകൊണ്ടിരിക്കുകയാണ്.

## സ്ലോഗൻ:- നിശ്ചയമാകുന്ന ഫൗണ്ടേഷൻ ഉറപ്പുള്ളതാണെങ്കിൽ ശ്രേഷ്ഠ ജീവിതത്തിന്റെ അനുഭവം സ്വതവേ ഉണ്ടാകും.

**അവ്യക്ത സൂചനകൾ:- ഏകാന്തപ്രിയരാകൂ ഏകതയും ഏകാഗ്രതയും സ്വായത്തമാക്കൂ.**

''നാനാത്വത്തിൽ ഏകത്വം'' ഉണ്ടെങ്കിൽ പ്രായോഗികത്തിൽ അനേക ദേശം, അനേകഭാഷകൾ, അനേക രൂപവും നിറങ്ങളുമാണെങ്കിലും അനേകതയിൽ പോലും എല്ലാവരുടെയും ഹൃദയത്തിൽ ഏകത്വമുണ്ടല്ലോ! എന്തുകൊണ്ടെന്നാൽ ഹൃദയത്തിൽ ഒരു ബാബയാണ്. ഒരു ശ്രീമതമനുസരിച്ച് നടക്കുന്നവരാണ്. അനേകഭാഷകളായിട്ടും മനസ്സിന്റെ ഗീതം, മനസ്സിന്റെ ഭാഷ ഒന്നാണ്.